# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1348** — **06/03/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന പദ്ധതി

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ തുടക്കമിട്ട "ലൈഫ് ഭവനപദ്ധതി"യുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൻറെ 28/9/2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ, എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഭവനപദ്ധതികൾ സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. സ്ഥലമുള്ള എല്ലാവർക്കും സാമ്പത്തിക സഹായം നൽകി ഗുണഭോക്താവ് നേരിട്ടോ, ഏജൻസി മുഖേനയോ നിർമ്മാണം നടത്തുകയും ഭൂരഹിതർക്ക്, എല്ലാവിധ സാമൂഹിക/പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവന സമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ച് നൽകുകയുമാണ് |

| | | | |
|---|---|---|---|
| | | | പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അദ്ധ്യക്ഷനുമായ സംസ്ഥാനതല ലൈഫ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രവർത്തനങ്ങൾ ഏകോപനവും പദ്ധതിയുടെ ആകെയുള്ള വിയിരുത്തലും ലൈഫ് മിഷനാണ് നടത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ മുൻ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |
| (ബി) | ഈ പ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ വിവിധ പദ്ധതികളിലായി ആനുകൂല്യം ലഭ്യമാക്കിയിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ഇതിൽ നാളിതുവരെ 9448 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി മുഴുവൻ ഭവനങ്ങളും 2018 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ; | (സി) | ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് താഴെപറയുന്ന മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്.<br>● ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.<br>● സർക്കാർ/അർദ്ധ സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>● വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>● ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് . (പട്ടിക വർഗ്ഗത്തിന് ബാധകമല്ല ).<br>● ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | • അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.<br><br>മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതര/മാരകരോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ, വിധവകൾ, എച്ച്.ഐ.വി ബാധിതർ തുടങ്ങിയവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നീ ക്ലേശഘടകങ്ങളുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി ഭവനരഹിത/ ഭൂരഹിത ഭവനരഹിതരുടെ പട്ടിക തയ്യാറാക്കുന്നു. |
| (ഡി) | ഇതു പ്രകാരം കേരളത്തിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | ഇങ്ങനെ നിർമ്മിക്കുന്ന വീടുകളുടെ ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ജനറൽ, പട്ടികജാതി എന്നീ വിഭാഗങ്ങളുടെ വീടുകൾക്ക് യൂണിറ്റ് കോസ്റ്റായ 4 ലക്ഷം രൂപയുടെ ആനുപാതിക തുകയും പട്ടിക വർഗ്ഗ വിഭാഗത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുമാണ് പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. ചെലവ് വിവരം പൂർത്തീകരണത്തിന് ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |
| (എഫ്) | ടി പദ്ധതിയിൽ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | അടുത്ത സാമ്പത്തിക വർഷം എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും വീട് നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| ക്രമ നം. | ജില്ല | അടിത്തറ ആയി ട്ടില്ലാത്തത് | അടിത്തറമാത്രം കഴിഞ്ഞത് | ലിന്റൽ വരെ പൂർത്തിയായത് | മേൽക്കൂര വരെ പൂർത്തിയായത് | പൂർണമായും പൂർത്തിയായത് | ആകെ |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 446 | 1252 | 1463 | 2367 | 1468 | 6602 |
| 2 | കൊല്ലം | 675 | 1399 | 1489 | 805 | 483 | 4740 |
| 3 | പത്തനംതിട്ട | 82 | 421 | 512 | 215 | 448 | 1470 |
| 4 | ആലപ്പുഴ | 330 | 852 | 880 | 773 | 650 | 3275 |
| 5 | കോട്ടയം | 249 | 544 | 426 | 343 | 318 | 1676 |
| 6 | ഇടുക്കി | 457 | 1107 | 1181 | 1510 | 420 | 4465 |
| 7 | എറണാകുളം | 79 | 324 | 360 | 264 | 417 | 1222 |
| 8 | തൃശ്ശൂർ | 578 | 1331 | 1225 | 744 | 398 | 4052 |
| 9 | പാലക്കാട് | 372 | 1789 | 2788 | 4186 | 467 | 9400 |
| 10 | മലപ്പുറം | 266 | 867 | 1211 | 606 | 524 | 3261 |
| 11 | കോഴിക്കോട് | 523 | 1495 | 2296 | 1902 | 1732 | 7732 |
| 12 | വയനാട് | 1439 | 2029 | 1787 | 3935 | 836 | 9817 |
| 13 | കണ്ണൂർ | 210 | 548 | 1034 | 935 | 468 | 2990 |
| 14 | കാസർഗോഡ് | 71 | 673 | 1315 | 550 | 819 | 3208 |
| | ആകെ | 5777 | 14731 | 17967 | 19135 | 9448 | 66750 |

സെക്ഷൻ ഓഫീസർ

ണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ള വിവിധ വിഭാഗത്തിൽ പെട്ട ഭൂരഹിത ഭവനരഹിതരുടെ ജില്ലാ അടിസ്ഥാനത്തിൽ ഉള്ള എണ്ണം

| SLNo | DISTRICT NAME | SC | ST | GENERAL | TOTAL |
|---|---|---|---|---|---|
| 1 | Thiruvananthapura | 9621 | 739 | 45576 | 55936 |
| 2 | Kollam | 7067 | 408 | 32482 | 39957 |
| 3 | Ernakulam | 4028 | 463 | 33272 | 37763 |
| 4 | Thrissur | 7573 | 354 | 27508 | 35435 |
| 5 | Palakkad | 5272 | 719 | 26373 | 32364 |
| 6 | Malappuram | 3052 | 262 | 22119 | 25433 |
| 7 | Idukki | 8051 | 1664 | 11700 | 21415 |
| 8 | Alappuzha | 2665 | 219 | 16500 | 19384 |
| 9 | Kozhikkode | 1622 | 144 | 15699 | 17465 |
| 10 | Kottayam | 1919 | 283 | 14504 | 16706 |
| 11 | Kasargod | 509 | 532 | 11086 | 12127 |
| 12 | Kannur | 509 | 141 | 7782 | 8432 |
| 13 | Wayanad | 760 | 1672 | 5223 | 7655 |
| 14 | Pathanamthitta | 1965 | 154 | 5499 | 7618 |
| TOTAL | | 54613 | 7754 | 275323 | 337690 |

6/3/18

സെക്ഷൻ ഓഫീസർ